# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളം

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക്  - പാറശ്ശാല**

**ഗ്രാമപഞ്ചായത്ത്- കുളത്തൂർ**

**വാർഡ്- ഉച്ചക്കട (7)**

ഗ്രാമസഭ തീയതി – 29/11/2019

സമയം                    - 03.00 pm

# ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതിയാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ തൊഴിലില്ലായ്മ വേതനത്തിനു അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിലോ തൊഴിലില്ലായ്മ

വേതനമൊ ഉറപ്പായും ഉറപ്പുവരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ആം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത്പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു.

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമസ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരുപ്പട്ടി നിർമ്മാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## കുളത്തൂർ പഞ്ചായത്ത്

കേരളത്തിന്റെ തെക്കൻ ജില്ലയിലെ തിരുവനന്തപുരത്ത് പാറശ്ശാല ബ്ലോക്കിലെ തെക്കേയറ്റത്ത് അറബിക്കടലിനോട് ചേർന്ന് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പൊഴിക്കര കൊടുകുത്തി പൊറ്റയുടെയും കുളങ്ങളുടെയും കാവുകൾ സാമീപ്യം കൊണ്ട് 1956 നിലവിൽ വരികയും 11.24 ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് കുളത്തൂർ.

### അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വില്ലേജ് | - കുളത്തൂർ |
| താലൂക്ക് | - നെയ്യാറ്റിൻകര |
| വിസ്തീർണ്ണം | - 11.24 ച. കിലോമീറ്റർ |
| ജനസംഖ്യ | -38572 |
| വാർഡുകളുടെ എണ്ണം | -20 |

### അതിരുകൾ

| | |
|---|---|
| കിഴക്ക് | - പ്ലാമൂട്ടുക്കട-പൊഴിയൂർ റോഡ്-കാരോട് പഞ്ചായത്ത് അതിർത്തി |
| പടിഞ്ഞാറ് | - നെയ്യാർ |
| തെക്ക് | - അറബിക്കടൽ |
| വടക്ക് | - ചെങ്കൽ പഞ്ചായത്ത് അതിർത്തി |

# രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സണിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പേഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ കുളത്തൂർ ഗ്രാമപഞ്ചായത്ത് വാർഡ് 7 ൽ (ഉച്ചക്കട) സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തിയത്.

### ആദ്യഘട്ടം:

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഈ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 7 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

### രണ്ടാം ഘട്ടം:

2018 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

### മൂന്നാം ഘട്ടം:

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

### നാലാം ഘട്ടം:

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെ കണ്ട് തൊഴിൽ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

### അഞ്ചാം ഘട്ടം:

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

## സോഷ്യൽ ഓഡിറ്റ്

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17 (2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ്.

ഗ്രാമസഭകളാണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും sസംബന്ധിച്ച് രജിസ്റ്റർ
5. സാധന രജിസ്റ്റർ
6. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
7. പരാതി രജിസ്റ്റർ

## 7 രെജിസ്റ്റെഴ്സ് പരിശോധന വിശദാംശങ്ങൾ

1. **JOB CARD REGISTER (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷ-കരുടെ രജിസ്റ്റർ)**

➢ 339 തൊഴിലാളികളുടെ വിശദാംശങ്ങൾ രേഖപെടുത്തിയിട്ടുണ്ട്

➢ അതിൽ 125 തൊഴിലാളികളുടെ ഫോട്ടോ മറ്റ് വിശദാംശങ്ങൾ  എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

2. **GRAMASABHA REGISTER ( ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ )**

➢ ഷെൽഫ് ഓഫ് വർക്കുമായി ബന്ധപ്പെട്ട ഗ്രാമസഭ 7/11/2019 ൽ കൂട്ടിയിട്ടുള്ളതായുള്ള മിനിട്ട്സ് ഉണ്ടായിരുന്നു. മിനിട്ട്സ് പൂർണ്ണമല്ല.

3. **DEMAND REGISTER, PAYMENT OF ALLOCATION OF WORK ( തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ )**

➢ തൊഴിലാളികളുടെ പേരും തൊഴിൽ കാർഡ് നമ്പറും തൊഴിൽ തുടങ്ങിയ തീയതിയും അവസാനിച്ച തീയതിയും തുടങ്ങി എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

4. **WORK REGISTER ( പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച്  രജിസ്റ്റർ )**

➢ 770  പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

5. **MATERIAL REGISTER ( സാധന രജിസ്റ്റർ )**

➢ 98 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

➢ സിറ്റിസൺ ഇൻഫർമെഷന്റ് ബൊർഡിന്റെ വിശദാംശങ്ങളൊടൊപ്പം പ്രവർത്തിയുമായി ബന്ധപ്പെട്ട മറ്റ് സാധന-സാമഗ്രികളുടെ രേഖപ്പെടുത്തലും കാണാൻ സാധിച്ചു.

## 6. FIXED ASSET REGISTER ( സ്ഥിതി ആസ്തികളുടെ രജിസ്റ്റർ )

- 2018-19 വരെ പൂർത്തിയായ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ട്.
- ക്രമനമ്പറുകൾ ഉണ്ട് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

## 7. COMPLAINT REGISTER ( പരാതി രജിസ്റ്റർ )

- 2018-19 കാലഘട്ടത്തിൽ പരാതികളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

## കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി
5) ഭരണാനുമതിയുടെ കോപ്പി
6) സങ്കേതികാനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മസ്റ്ററോൾ കോപ്പി
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻററിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19) മസ്ട്രോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഗ് ഫോട്ടോകൾ

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ് ഡയറി

## <u>ലൈഫ് ഭവന നിർമ്മാണ പദ്ധതി</u>

| ക്രമ. നമ്പർ | ഗുണഭോക്തതാവിന്റെ പേര് | വർക്ക് കോഡ് |
|---|---|---|
| 1. | അതോഷ് കുമാർ | IF/360278 |

## ഫയൽ പരിശോധന വിശദാംശങ്ങൾ

- കവർപേജ്, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നിവ ഉണ്ടായിരുന്നില്ല.
- ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ് തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.
- വ്യക്തിഗത അപേക്ഷാഫോം, ഘട്ടംഘട്ടമായുള്ള ഫോട്ടോ, ഗുണഭോക്താക്കളുടെ ആധാർ, റേഷൻ കാർഡ്, പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ ഉണ്ടായിരുന്നു.

## ഫീൽഡ് പരിശോധന വിശദാംശങ്ങൾ

- ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടഭവനം പൂർത്തിയാക്കിയിട്ടുണ്ട്.
- 4 മസ്ട്രോളുകൾ ലഭിച്ചിട്ടുണ്ട്
- ഫീൽഡ് തല പരിശോധനയിൽ മസ്ട്രോളുകൾ പഞ്ചായത്തിൽ ചെന്നാണ് ഒപ്പിടുന്നത് എന്ന് ഗുണഭോക്താവിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു.

# <u>വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ</u>

| ക്രമ നം | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് | പ്രവർത്തി ആരംഭിച്ച തീയതി | പ്രവർത്തി അവസാനിച്ച തീയതി | ചിലവഴിച്ച തുക |
|---|---|---|---|---|---|
| 1. | തോട് പുനരുദ്ധാരണം | WH/299010 | 30/10/18 | 20/11/18 | 46,834 |
| 2. | തോട് പുനരുദ്ധാരണം | IF/299012 | 26/10/18 | 20/11/18 | 54,980 |
| 3. | തോട് പുനരുദ്ധാരണം | WH/299014 | 06/10/18 | 28/10/18 | 61,908 |
| 4. | ചാനൽ പുനരുദ്ധാരണം | IC/217809 | 21/01/19 | 11/02/19 | 1,00,004 |
| 5. | പാട്ടകൃഷി | IF/318087 | 25/02/19 | 10/06/19 | 2,76,325 |
| 6. | പാട്ടകൃഷി | LD/318085 | 23/03/19 | 19/08/19 | 2,40,392 |
| 7. | പാട്ടകൃഷി | IF/209384 | 17/10/18 | 20/11/18 | 2,81,760 |
| 8. | പാട്ടകൃഷി | IF/209386 | 12/10/18 | 21/01/19 | 2,91,861 |
| 9. | പാട്ടകൃഷി | IF/318086 | 28/02/19 | 13/06/19 | 2,70,305 |
| 10. | ഭൂവികസന പ്രവർത്തികൾ | LD/325823 | 07/12/18 | 14/03/19 | 2,46,834 |
| 11. | ഭൂവികസന പ്രവർത്തികൾ | IF/325825 | 09/03/19 | 15/07/19 | 2,35,515 |
| 12. | ഭൂവികസന പ്രവർത്തികൾ | IF/325822 | 07/12/18 | 03/02/19 | 2,82,138 |
| 13. | ഭൂവികസന പ്രവർത്തികൾ | IF/325824 | 07/12/18 | 03/02/19 | 2,84,365 |

| | | | | | |
|---|---|---|---|---|---|
| **14.** | ഭൂവികസന പ്രവർത്തികൾ | IF/325826 | 25/02/19 | 31/05/19 | 2,58,445 |
| **15.** | കോഴിക്കൂട് നിർമ്മാണം | IF/208652 | 31/01/19 | 10/02/19 | 46,671 |

## <u>പ്രവർത്തികളുടെ വിശദാംശങ്ങളിലേക്ക്</u>

### 1. നെല്ലിക്കോണം ഏലാതോട് പുനരുദ്ധാരണം-WH/299010

### ഫയൽ

- നിയമാനുസൃതമായി ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ 22 രേഖകളിൽ AMC പ്രകാരമുള്ള കവർ പേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ, ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ്, ഡിമാൻഡ് ഫോം, പ്രവർത്തിഅനുവദിച്ചുകൊണ്ടുള്ള ഫോം, മസ്ട്രോൾ, FTO, മെഷർമെന്റ് ബുക്ക്, പ്രവൃത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ്, മസ്ട്രോൾ മൂവ്മെന്റ് സ്ലിപ്പ്, സൈറ്റ്ഡയറി എന്നിവ ഉണ്ടായിരുന്നു.
- 12836-12838 നമ്പർ മാസ്ട്രോളുകൾ പ്രിന്റ്ചെയ്ത തീയതിയായ 31/10/2018 നു തന്നെ പ്രവർത്തി തുടങ്ങിയതായി കാണാൻ സാധിച്ചു.
- 12 തൊഴിലാളികൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.
- 25 പേർ തൊഴിൽ ഡിമാൻഡ്ചെയ്തു. ഡിമാൻഡ് ഫോമിലും, സൈറ്റ് ഡയറിയിലും ഉള്ള 3 പേർക്ക് തൊഴിൽ ലഭിച്ചിട്ടില്ല.
- പ്രവർത്തിയിലൂടെ 179 പ്രവൃത്തി ദിനങ്ങളിലായി 46834/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഫീൽഡ്**:

- ഫയലിലെ രേഖകൾ പ്രകാരം 700 മീറ്ററിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 300 മീറ്ററിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.
- പ്രവൃത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാൻ ആകാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു.
- ഇരുവശങ്ങളിലുംകാടുപിടിച്ചഅവസ്ഥയിലാണ്.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

## 2. കുഴിവേലിക്കോണം തോട് പുനരുദ്ധാരണം-IF/299012

## ഫയൽ

- 12 തൊഴിലാളികൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.
- സൈറ്റ്ഡയറിയിൽ  തിരുത്തലുകൾ ഉണ്ടായിരുന്നു.

❖ പ്രവർത്തിയിലൂടെ 200 പ്രവർത്തിദിനങ്ങളിലായി 54980/- രൂപചിലവാക്കിയിട്ടുണ്ട്.

## ഫീൽഡ്

❖ ഫയലിലെ രേഖകൾ പ്രകാരം 850 മീറ്റർ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു

❖ ഫീൽഡ് തല പരിശോധനയിൽ 325 മീറ്ററിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.



❖ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല

## 3. കണ്ണുകുഴിമുതൽ പറയൻവിള വരെയുള്ള തോട് പുനരുദ്ധാരണം-WH/299014

## ഫയൽ

❖ 6 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.

- തൊഴിൽ ഡിമാൻഡ് ചെയ്ത 26 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.
- പ്രവർത്തിയിലൂടെ 215 തൊഴിൽ ദിനങ്ങളിലായി 61908/- രൂപ ചെലവഴിച്ചതായി കാണുന്നു.

## ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം 300 മീറ്റർ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ 240 മീറ്ററിൽ പ്രവർത്തി നടന്നിട്ടുള്ളതായി കാണാൻ സാധിച്ചു.
- നിലവിൽ തോടാണെന്നു മനസ്സിലാക്കാൻ പറ്റാത്ത വിധം കാടുപിടിച്ച അവസ്ഥയിലാണ്.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിലത്ത് വീണുകിടക്കുന്ന അവസ്ഥയിലാണ് കാണാൻ സാധിച്ചത്.



## 4. വിരാലി കട്ടംകവർ മുതൽ ആശാരിവിളാകം ചാനൽ പുനരുദ്ധാരണം- IC/217809

### ഫയൽ

- ❖ നിയമാനുസൃതമായി ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ 22 രേഖകളിൽ AMC പ്രകാരമുള്ള കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ, ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, അബ്ട്രാക്റ്റ് എസ്റ്റിമേറ്റ്, ഡിമാൻഡ് ഫോം, പ്രവൃത്തി അനുവദിച്ചുകൊണ്ടുള്ള ഫോം, മസ്ട്രോൾ, FTO, മെഷർമെന്റ് ബുക്ക്, പ്രവൃത്തിപൂർത്തീകരിച്ച സർട്ടിഫിക്കറ്റ്, മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പ്, സൈറ്റ് ഡയറിഎന്നിവ ഉണ്ടായിരുന്നു.
- ❖ 3 ഘട്ടങ്ങളിലായുള്ള ഫോട്ടോകൾ ഇല്ലായിരുന്നു.
- ❖ സൈറ്റ് ഡയറിയിൽ ചികിത്സാചിലവ് രേഖപ്പെടുത്തിയിരുന്നു.എന്നാൽ വിജിലൻസ്ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമല്ല.

- 25411, 25412, 25416, 25417 എന്നീ മസ്‌ട്രോളുകളിൽ 6 തൊഴിലാളികളുടെ ഒപ്പിന്മേൽ ആബ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു
- പ്രവർത്തിയിൽ നാലു തൊഴിലാളികൾ തുടർച്ചയായി ഹാജരായിട്ടില്ല.
- 38 തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ മൂന്ന് തൊഴിലാളികൾക്ക് പ്രവർത്തി അനുവദിച്ചിട്ടില്ല.

## ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം 700 മീറ്ററിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തികാണുന്നു.
- ഫീൽഡ് തലപരിശോധനയിൽ കൃത്യമായ അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു.
- ചാനലിന്റെഇരുവശങ്ങളുംകാടുപിടിച്ചഅവസ്ഥയിലാണ്.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

## 5. സ്വയം സഹായ സംഘങ്ങൾക്ക് പാട്ടകൃഷിക്ക് അടിസ്ഥാന സൌകര്യം ഒരുക്കുക- IF/209384

## ഫയൽ

- ഡിമാൻഡ് ചെയ്തിരുന്ന 2 തൊഴിലാളികൾക്ക് പ്രവർത്തി നൽകിയിട്ടില്ല.

- പ്രവർത്തിയിൽ നാല് തൊഴിലാളികൾ തുടർച്ചയായി ഹാജരായിട്ടില്ല.
- 12595 നമ്പർ മസ്റ്റ്രോളിൽ ഒപ്പിനുമേൽ ആബ്സെന്റ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രവർത്തിയിലൂടെ 1008 തൊഴിൽ ദിനങ്ങളിലായി 281760/- രൂപ ചെലവഴിച്ചിട്ടുണ്ട്

## ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം രണ്ട് പുരയിടങ്ങളിലായി പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു
- ഫീൽഡ് തലപരിശോധനയിൽ കൃത്യമായ സ്ഥലത്തുതന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.
- നിലവിൽ മരച്ചീനിനല്ലരീതിയിൽ കൃഷിചെയ്തിട്ടുണ്ട്.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

## 6. സ്വയം സഹായ സംഘങ്ങൾക്ക് പാട്ടകൃഷിക്ക് അടിസ്ഥാന സൌകര്യം ഒരുക്കുക-IF/318086

## ഫയൽ

- 8 തൊഴിലാളികൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.

- തൊഴിൽ ആവശ്യപ്പെട്ട 28 തൊഴിലാളികൾക്കും പ്രവൃത്തി നൽകിയിട്ടുള്ളതായി കാണാൻ കഴിഞ്ഞു.
- പ്രവൃത്തിയിലൂടെ 858 തൊഴിൽ ദിനങ്ങളിലായി 270305/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം രണ്ട് പുരയിടങ്ങളിലായാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തികാണുന്നു.
- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ സ്ഥലത്തുതന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.
- കുറച്ച് പ്രവർത്തി സ്ഥലത്ത് വാഴ കൃഷി ചെയ്യിരിക്കുന്നതായി കാണുവാൻ കഴിഞ്ഞു.
- ഭൂരിഭാഗം പ്രവർത്തിസ്ഥലങ്ങളും കാടുപിടിച്ച നിലയിലാണ്.
- പ്രവൃത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാനാകാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്യതായി കണക്കാക്കുന്നു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥപിച്ചിട്ടുണ്ട്.

## 7. സ്വയം സഹായ സംഘങ്ങൾക്ക് പാട്ടകൃഷിക്ക് അടിസ്ഥാന സൌകര്യം ഒരുക്കുക-IF/209386

## ഫയൽ

- കവർ പേജിൽ പ്രവൃത്തിയുടെ കൺവീനറുടെ പേര് രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.
- തൊഴിൽ ആവശ്യപ്പെട്ട 31 തൊഴിലാളികൾക്കും പ്രവൃത്തി നൽകിയിട്ടുള്ളതായി കാണാൻ കഴിഞ്ഞു.
- പ്രവൃത്തിയിൽ 16 തൊഴിലാളികൾ തുടർച്ചയായിഹാജരായിട്ടില്ല.

❖ പ്രവൃത്തിയിലൂടെ 1047 തൊഴിൽ ദിനങ്ങളിലായി 291861/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

## ഫീൽഡ്

❖ ഫയലിലെ രേഖകൾ പ്രകാരം ഒരാളുടെ പുരയിടത്തിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.

❖ ഫീൽഡ് തല പരിശോധനയിൽ കൃത്യമായ സ്ഥലത്തുതന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.

❖ മരച്ചീനി നല്ലരീതിയിൽ കൃഷി ചെയ്തിട്ടുള്ളതായി കാണാൻ കഴിഞ്ഞു.



❖ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

## 8. സ്വയം സഹായ സംഘങ്ങൾക്ക് പാട്ടകൃഷിക്ക് അടിസ്ഥാന സൌകര്യം ഒരുക്കുക-LD/318085

## ഫയൽ

❖ പ്രവർത്തിയിൽ 15 തൊഴിലാളികൾ തുടർച്ചയായിഹാജരായിട്ടില്ല.

❖ തൊഴിൽ ആവശ്യപ്പെട്ട 25 പേർക്കും പ്രവർത്തി നൽകിയിട്ടുള്ളതായി കാണാൻ കഴിഞ്ഞു.

❖ പ്രവൃത്തിയിലൂടെ 860 തൊഴിൽ ദിനങ്ങളിലായി 240392/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഫീൽഡ്

❖ ഫയലിലെ രേഖകൾ പ്രകാരം ഒരാളുടെ പുരയിടത്തിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

❖ ഫീൽഡ് തല പരിശോധനയിൽ കൃത്യമായ സ്ഥലത്തുതന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.

❖ തെങ്ങിൻ തൈ, വാഴ എന്നിവ കൃഷി ചെയ്തിരിക്കുന്നു. കൂടാതെ തെങ്ങിൻ തടം, ബണ്ട് എന്നിവ പ്രവർത്തി സ്ഥലത്ത് കാണുവാൻ കഴിഞ്ഞു.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് എന്ന് പറഞ്ഞുവെങ്കിലും നിലവിൽ കാണാൻ കഴിഞ്ഞില്ല.

## 9. സ്വയം സഹായ സംഘങ്ങൾക്ക് പാട്ടകൃഷിക്ക് അടിസ്ഥാന സൌകര്യം ഒരുക്കുക -IF/318087

## ഫയൽ

- തൊഴിൽ ആവശ്യപ്പെട്ട് 28 തൊഴിലാളികൾക്കും പ്രവർത്തി നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു
- പ്രവൃത്തിയിൽ 15 തൊഴിലാളികൾ തുടർച്ചയായിഹാജരായിട്ടില്ല.
- 37893 നമ്പർ മസ്ട്രോളിൽ പ്രിന്റിംഗ് തീയതിയായ 16/3/19 ൽ തന്നെ പ്രവൃത്തി നടന്നിട്ടുള്ളതായി കാണുവാൻ സാധിച്ചു. മസ്ട്രോൾ കാലാവധി 15/3/19 മുതൽ 21/3/19 വരെ.
- പ്രവർത്തിയിലൂടെ 990 തൊഴിൽ ദിനങ്ങളിലായി 276325 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം ഒരാളുടെ പുരയിടത്തിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ സ്ഥലത്തുതന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.
- പ്രവൃത്തിസ്ഥലത്ത് വാഴക്ക്യഷി നല്ലരീതിയിൽ ചെയ്തിട്ടുണ്ട്.



- ❖ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.



## 10.ഭൂവികസന പ്രവർത്തികൾ-LD/325823

## ഫയൽ

- ❖ തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ള 23 തൊഴിലാളികൾക്കും തൊഴിൽ ലഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു.
- ❖ 22235-22237 നമ്പർ മസ്ട്രോളുകൾ പ്രിന്റ്ചെയ്ത തീയതിയായ 5/1/19 ൽ തന്നെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നു.
- ❖ 33980-33982 നമ്പർ മസ്ട്രോളുകളിൽ പ്രിന്റ്ചെയ്ത തീയതിയായ 1/3/19 ൽ തന്നെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നു.
- ❖ 13 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.
- ❖ പ്രവൃത്തിയിലൂടെ 893 ദിനങ്ങളിലായി 246834/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഫീൽഡ്

- ❖ ഫയലിലെ രേഖകൾ പ്രകാരം 40 പണകൾ, 60 തെങ്ങിൻ കുഴികൾ, 15 മഴക്കുഴികൾ എന്നിവ രേഖപ്പെടുത്തിക്കാണുന്നു.
- ❖ ഫീൽഡ് തല പരിശോധനയിൽ 32 പണകൾ, 43 തെങ്ങിൻ കുഴികൾ, 12 മഴക്കുഴികൾ എന്നിവകാണാൻ കഴിഞ്ഞു.
- ❖ വാഴയും, ഇഞ്ചിയും, തെങ്ങിൻ തൈകളും, കൃഷിചെയ്തതായി കാണാൻ കഴിഞ്ഞു.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

## 11.ഭൂവികസന പ്രവർത്തികൾ- IF/325822

## ഫയൽ

- എ എം സി പ്രകാരമുള്ള കവർ പേജിൽ കൺവീനർ, ജിപിഎസ് ലൊക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.
- തൊഴിൽ ആവശ്യപ്പെട്ട 29 തൊഴിലാളികൾക്കും പ്രവൃത്തി ലഭിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.
- മസ്ട്രോളിൽ തിരുത്തലുകൾ ഇല്ലായിരുന്നു. 4 തൊഴിലാളികൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.
- പ്രവർത്തിയുടെ 1010 തൊഴിൽ ദിനങ്ങളിലായി 282138/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം 25 പണകൾ, 30 തെങ്ങിൻ കുഴി, 15 മഴക്കുഴി എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ ഒരു പുരയിടത്തിൽ 20 പണകൾ, 10 തെങ്ങിൻ കുഴി, 13 മഴക്കുഴി എന്നിവ കാണാൻ കഴിഞ്ഞു.
- ഒരു പുരയിടത്തിൽ പൊഴിമുറിച്ചതിലും, മഴകാരണവും പ്രവർത്തനങ്ങൾ വിലയിരുത്താൻ സാധിക്കാത്തവിധം നശിച്ചിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

**12.ഭൂവികസന പ്രവർത്തികൾ- IF/325824**

## ഫയൽ

- എ എം സി പ്രകാരമുള്ള കവർ പേജിൽ ജി പി എസ് ലൊക്കേഷൻ ഒഴികെയുള്ള എല്ലാ രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.
- തൊഴിൽ ആവശ്യപ്പെട്ട 27 തൊഴിലാളികൾക്കും തൊഴിൽ ലഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു.
- മസ്ട്രോളിൽ തിരുത്തലുകൾ ഇല്ലായിരുന്നു.
- 5 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.
- പ്രവൃത്തിയിലൂടെ 1032 തൊഴിൽ ദിനങ്ങളിലായി 284365/- രൂപ ചെലവഴിച്ചിട്ടുണ്ട്.
- 3 ഘട്ടങ്ങളിലായുള്ള ഫോട്ടോകളുണ്ടായിരുന്നു.

## ഫീൽഡ്

- ഫയലിൽ രേഖകൾ പ്രകാരം 36 പണകൾ 52 തെങ്ങിൻ കുഴി 18 മഴക്കുഴികൾ എന്നിവ രേഖപ്പെടുത്തികാണുന്നു.
- ഫീൽഡ് തല പരിശോധനയിൽ പുരയിടം അടച്ചിട്ടനിലയിലാണ് കാണാൻ സാധിച്ചത്. കാണാൻ സാധിച്ച പ്രവർത്തിയിൽ വാഴകൃഷിയാണ് ചെയ്തിരിക്കുന്നത്. എന്നാൽ മറ്റു പ്രവർത്തനങ്ങൾ

ഒന്നുംതന്നെ വിലയിരുത്താൻ കഴിയാത്തവണ്ണം കാടുപിടിച്ച അവസ്ഥയിലാണ്.

- പ്രവൃത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാൻ ആകാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

## 13.ഭൂവികസന പ്രവർത്തികൾ- IF/325825

## ഫയൽ

- എ എം സി പ്രകാരമുള്ള കവർ പേജിൽ ജിപിഎസ് ലൊക്കേഷൻ ഒഴികെ മറ്റെല്ലാ രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.
- തൊഴിൽ ആവശ്യപ്പെട്ട 24 തൊഴിലാളികൾക്കും തൊഴിൽ ലഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു.

- 36224 നമ്പർ മസ്ട്രോളിൽ 3 വെട്ടിതിരുത്തലുകൾ ഉണ്ടായിരുന്നു.
- 9 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരായിട്ടില്ല.
- 36224 നമ്പർ മസ്ട്രോളിൽ തൊഴിലാളികളുടെ ഒപ്പിനുമേൽ അബ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു.
- പ്രവൃത്തിയിലൂടെ 853 തൊഴിൽ ദിനങ്ങളിലായി 235575/- രൂപ ചെലവഴിച്ചിട്ടുണ്ട്.
- ഒന്നാംഘട്ട ഫോട്ടോ മാത്രമാണുണ്ടായിരുന്നത്.

## ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം 20 പണകൾ, 40 തെങ്ങിൻ കുഴികൾ, 10 മഴക്കുഴികൾ, 2 വളകുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.
- നിലവിൽ പുരയിടത്തിൽ വാഴ, മരച്ചീനി എന്നിവ കൃഷി ചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞു.



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

## 14.ഭൂവികസന പ്രവർത്തികൾ- IF/325826

### ഫയൽ

- പ്രവർത്തിയിലൂടെ 1348 തൊഴിൽ ദിനങ്ങളിലായി 258445 രൂപ ചെലവഴിച്ചിട്ടുണ്ട്.
- തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ള 34 പേർക്കും പ്രവൃത്തി നൽകിയതായി കാണാൻ കഴിഞ്ഞു.
- പ്രവൃത്തിയിൽ 7 തൊഴിലാളികൾ തുടർച്ചയായി ഹാജരായിട്ടില്ല.

### ഫീൽഡ്

- ഫയലിലെ രേഖകൾ പ്രകാരം 50 പണ, 50 തെങ്ങിൻ കുഴികൾ, 20 മഴക്കുഴികൾ, 10 വളക്കുഴികൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ 4 പണ, 3 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.
- പ്രവൃത്തിയിലൂടെ ഉദ്ദേശം ബോധിപ്പിക്കാൻ ആകാത്തത് ധനവിനിയോഗം ദുരുപയോഗം ചെയ്തതായി കണക്കാക്കുന്നു.
- പ്രവർത്തി സ്ഥലത്ത് മരിച്ചീനി, വാഴ എന്നിവ കൃഷി ചെയ്തിട്ടുണ്ട്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

## 15.കോഴിക്കൂട് നിർമ്മാണം-IF/208652

### ഫയൽ

- സാങ്കേതികാനുമതി ഇല്ലായിരുന്നു.
- 9 തൊഴിൽ ദിനങ്ങളിലായി 46671/- രൂപ ചെലവഴിച്ചതായി കാണുന്നു.

## ഫീൽഡ്

- ❖ ഫയലിലെ രേഖകൾ പ്രകാരം കോഴിക്കൂടിന്റെ നീളം 9.6 മീറ്ററും വീതി 0.3 മീറ്ററും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
- ❖ ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു.
- ❖ നല്ലരീതിയിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുണ്ട്.
- ❖ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

## പൊതുവായ കണ്ടെത്തലുകൾ

- നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ 22 രേഖകളിൽ എ എം സി പ്രകാരമുള്ള കവർപേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ, സാങ്കേതികാനുമതി, ഭരണാനുമതി, വിശദമായ എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, റൂട്ട് മാപ്പ്, തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോം, മസ്റ്ററോൾ, മെഷർമെന്റ് ബുക്ക്, എഫ് ടി ഓ, തൊഴിൽ പൂർത്തീകരണ സർട്ടിഫിക്കറ്റ്, മസ്ട്രോൾ, മൂവ്മെന്റ് സ്ലിപ്പ്, സൈറ്റ് ഡയറി എന്നിവ എല്ലാ ഫയലുകളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്
- ഡ്രോയിങ് ആൻഡ് ഡിസൈൻ ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
- മസ്ട്രോളിലും സൈറ്റ് ഡയറിയിലും വെട്ടി തിരുത്തലുകൾ കാണാൻ സാധിച്ചു. ഇത് അനുവദനീയമല്ല.
- പരിശോധിച്ച മെഷർമെന്റ് ബുക്കുകൾ എല്ലാം തന്നെ സർട്ടിഫൈ ചെയ്തിട്ടുണ്ട്.
- ഭരണാനുമതി, സാങ്കേതികാനുമതി എന്നിവയിൽ മതിയായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.
- ഭൂവികസന പ്രവർത്തികൾ നിർവ്വഹണ ഏജൻസിയിൽ നിന്നുള്ള നിർദ്ദേശപ്രകാരം നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന് തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു എങ്കിലും ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും മഴകാരണം നശിച്ച നിലയിലാണ്.

- ചാനൽ, ചാനൽ തോട് തുടങ്ങിയ പ്രവർത്തികളിൽ കൈയുറ, കാലുറ സുരക്ഷാ സംവിധാനങ്ങളൊന്നും തന്നെ ലഭ്യമാകുന്നില്ല എന്ന് അറിയുവാൻ കഴിഞ്ഞു.
- തൊഴിലിടങ്ങളിൽ ആവശ്യമായ സാധനസാമഗ്രികൾ മേറ്റ് മാരുടെയും തൊഴിലാളികളുടെയും കൈയിൽനിന്ന് പണം മുടക്കിയാണ് വാങ്ങുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികൾക്ക് ആവശ്യമായ പ്രഥമശുശ്രൂഷ കിറ്റ്ലഭ്യമാക്കുന്നത് മേറ്റാണ്.
- പ്രവർത്തനങ്ങൾ ശരിയായരീതിയിൽ കാണാൻ കഴിയാത്തത്കാലാവസ്ഥാ വ്യതിയാനവും, മഴയും കാരണം ആണെന്ന്മനസ്സിലാക്കാൻ സാധിച്ചു.

## നിർദ്ദേശങ്ങൾ

- നിയമാനുസൃതമായി ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ രേഖകൾ ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
- കൈയുറകൾ, കാലുറകൾ, പ്രഥമശുശ്രൂഷ കിറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ തൊഴിലാളികൾക്ക് അനുവദിച്ചു നൽകേണ്ടതാണ്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കൃത്യമായി സ്ഥാപിക്കേണ്ടതാണ്.
- തൊഴിലിട സൗകര്യങ്ങളൊരുക്കി നൽകേണ്ടതാണ്.
- പ്രവർത്തികൾ മനസ്സിലാക്കി തിരഞ്ഞെടുക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമാണ്.
- ഭൂവികസനം പോലുള്ള പ്രവർത്തികൾ ഭൂവുടമയ്ക്ക് വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.

- വൃക്ഷത്തൈ നടീലും പരിപാലനവും പോലുള്ള പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഗ്രാമസഭയുടെ പരാമർശങ്ങൾ

- ഗ്രാമസഭയിൽ പങ്കെടുത്ത ഭൂരിപക്ഷം തൊഴിലാളികളും ആവശ്യപ്പെട്ടത് പ്രവർത്തിസമയം 9 മണി മുതൽ 4 മണിവരെ ആകണമെന്നായിരുന്നു.
- സുരക്ഷാസംവിധാനം മുൻപ് ലഭിച്ചിരുന്നു. നിലവിൽ ലഭിക്കുന്നില്ല എന്ന പരാമർശം ഉണ്ടായി.
- ഗ്രാമസഭയിൽ പങ്കെടുത്ത ഭൂരിഭാഗം തൊഴിലാളികളും 100 ദിവസത്തെ തൊഴിൽ വേണമെന്ന ആവശ്യം ഉന്നയിച്ചു.
- പ്രവർത്തി സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് കുടിവെള്ളം ലഭ്യമാകുന്നില്ല എന്ന പരാമർശം ഉണ്ടായി.

**റിപ്പോർട്ട് തയ്യാറാക്കിയത്**

**BRP അനുശ്രീ**

**VRP ശ്രീനു**

**VRP ജിനിമോൾ**

**VRP വിനിത**

**VRP സോണിയ**

**VRP ചിഞ്ചു**

**VRP അനില**